പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5022 23.3.2018-ൽ മറുപടിയ്ക്ക്

# കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, വി.ആർ. സുനിൽ കുമാർ | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) | കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | എ) | മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള കോഴിഫാമുകളിലെ ഉൽപ്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് എഗ്ഗർനേഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്കും കർഷകർക്കും വിതരണം ചെയ്യുന്നു.<br>കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകളിലും കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂട്ടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കുന്നു.5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾ നടപ്പ് വർഷം നടപ്പിലാക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5600 ഗുണഭോക്താക്കൾക്ക് 56000 മുട്ടക്കോഴികളെ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പ് വർഷം നടപ്പിലാക്കുന്നതാണ്. കൂടാതെ 10 താറാവുകൾ അടങ്ങുന്ന 4000 യൂണിറ്റുകൾ സ്ഥാപിച്ച് മുട്ടയുല്പാദനം കൂട്ടുവാൻ ലക്ഷ്യമിട്ട് മൃഗസംരക്ഷണ |

| | | | |
|---|---|---|---|
| | | | വകുപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി 1000 കോഴികളടങ്ങുന്ന യൂണിറ്റുകൾ കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പിലാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ പൈലറ്റ് പ്രോജക്റ്റായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആകെ 20 യൂണിറ്റുകൾ നടപ്പിലാക്കി വരുന്നു. പൈലറ്റ് പ്രോജക്റ്റിന്റെ അവലോകനശേഷം പദ്ധതി വ്യാപിപ്പിച്ച് സംസ്ഥാനമൊട്ടാകെ 5000 യൂണിറ്റുകൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു. |
| ബി) | കോഴിവളർത്തൽ കർഷകർക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ വെളിപ്പെടുത്തുമോ; | ബി) | 1.സംസ്ഥാനത്തെ 905 സ്കൂളുകളിലെ 50 കുട്ടികൾക്ക് 5 കോഴി കുഞ്ഞുങ്ങളെ വീതം നല്കുന്ന പദ്ധതി നടപ്പിലാക്കുന്നു ആകെ നല്കുന്ന കോഴി കുഞ്ഞുങ്ങൾ 226250 എണ്ണം. ഈ ഇനത്തിൽ 330 ലക്ഷം രൂപ ചെലവഴിക്കുന്നു<br>2.താറാവ് വളർത്തൽ പദ്ധതി. 10 താറാവുകൾ അടങ്ങുന്ന 4000 യൂണിറ്റുകൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നു ഈ ഇനത്തിൽ ചെലവഴിക്കുന്ന തുക 48.7 ലക്ഷം<br>3. മൃഗസംരക്ഷണ വകുപ്പിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ പട്ടികജാതിയിൽപ്പെട്ട 5600 ഗുണഭോക്താക്കൾക്ക് ആകെ 56000 മുട്ട കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു ഈ ഇനത്തിൽ 57.84 ലക്ഷം രൂപ ചെലവഴിക്കുന്നു<br>4. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, |

| | | | |
|---|---|---|---|
| | | | മലപ്പുറം, കണ്ണൂർ ജില്ലകളിലെ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിലെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾക്ക് ചെലവഴിക്കുന്ന തുക 25 ലക്ഷം |
| സി) | കോഴിയുടെ ഭക്ഷ്യയോഗ്യമല്ലാത്ത ഭാഗങ്ങൾ ഉപയോഗിച്ച് ഉപോത്പന്നങ്ങൾ നിർമ്മിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | സി) | ഇല്ല |
| ഡി) | എന്തൊക്കെ ഉപോത്പന്നങ്ങളാണ് ഇപ്രകാരം നിർമ്മിക്കാൻ കഴിയുന്നതെന്ന് അറിയിക്കുമോ; | ഡി) | വളം, ഔഷധനിർമ്മാണം, ആഹാര വ്യവസായം എന്നിവയ്ക്ക് ആവശ്യമായ വസ്തുക്കൾ നിർമ്മിക്കാൻ കഴിയും |
| ഇ) | ഇവ ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ കേരളത്തിൽ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?- | ഇ) | മണ്ണുത്തി വെറ്ററിനറി കോളേജിൽ ഒരു Rendering Plant സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ